## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 550 28.02.2017- ൽ മറുപടിക്ക്

### "വ്യവസായ വാണിജ്യ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതി "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, കെ.ജെ. മാക്സി<br>,, എം. രാജഗോപാലൻ<br>,, ബി.സത്യൻ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | വ്യവസായ വാണിജ്യ വകുപ്പിന്റെ സേവനങ്ങൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കാര്യക്ഷമമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | എ), ബി) & സി) | വ്യവസായ വാണിജ്യ വകുപ്പിന്റെ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാര്യക്ഷമമാക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി "വ്യവസായ ജാലകം" എന്ന MSME Geo-Portal പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. അതിനുവേണ്ടി ജില്ലകളിലെ ഫീൽഡ് തല ഓഫീസർമാർക്ക് Tablet Computer വിതരണം ചെയ്ത് അതിനുള്ള പരിശീലനവും നൽകിയിട്ടുണ്ട്.<br><br>സംരംഭങ്ങളുടെ വിവരശേഖരണവും സംരംഭങ്ങൾക്ക് ഉണ്ടാകുന്ന പ്രതിബന്ധങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനുമാണ് ഇത്തരം പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം വ്യവസായ വികസന ഉദ്യോഗസ്ഥർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ചും ജി.പി.എസ് സംവിധാനം ഉപയോഗപ്പെടുത്തിയും വിവരശേഖരണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വ്യവസായ ഭൂപടം തയ്യാറാക്കുകയും ചെയ്യുന്നു. വരും വർഷങ്ങളിലെ പദ്ധതികൾ തയ്യാറാക്കുന്നതിനും തൊഴിലാളികളുടെ സ്ഥിതി വിവരശേഖരണത്തിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'വിവിധ പൊതു സേവന |
| ബി) | ഇതിന്റെ ഭാഗമായി വ്യവസായ ജാലകം - കേരള എം.എസ്.എം.ഇ ജിയോ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| സി) | വ്യവസായ സംരംഭങ്ങളുടെ വിവരശേഖരണം, സംരംഭ സഹായ പദ്ധതി, അപേക്ഷകളുടെ ഓൺ ലൈൻ സമർപ്പണം തുടങ്ങിയ വയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും മറ്റ് സർക്കാർ വകുപ്പുകളുടെ പ്രവർത്തനത്തിനും ഇത് സഹായകമാകും. ഇതു കൂടാതെ സംരംഭക സഹായ പദ്ധതിക്ക് ഓൺ ലൈൻ സംവിധാനം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതു മുതൽ ഫണ്ട് അനുവദിയ്ക്കുന്നത് വരെയുള്ള എല്ലാ നടപടി ക്രമങ്ങളും ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നവീകരിച്ച വെബ് സൈറ്റിൽ ഇതിനുള്ള ലിങ്ക് ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**